**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2585** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.റ്റി.ഡി.സി.യുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം രംഗത്തുള്ള പൊതുമേഖലാസ്ഥാപനമായ കെ.റ്റി.ഡി.സി.യ്ക്ക് കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും കാരണം കെ.ടി.ഡി.സി.യ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ആഡിറ്റ് ചെയ്യാത്ത കണക്ക് പ്രകാരം നവംബർ മാസം വരെ വിറ്റുവരവിൽ 58 കോടി രൂപയുടെ കുറവും 40 കോടി രൂപയുടെ പ്രവർത്തന നഷ്ടവും സംഭവിച്ചിട്ടുണ്ട്. |
| (ബി) | വിദേശ ടൂറിസ്റ്റുകളുടെയും തദ്ദേശ ടൂറിസ്റ്റുകളുടെയും ദീർഘദൂര യാത്രക്കാരുടെയും ദീർഘകാലമായിട്ടുള്ള ആവശ്യം പരിഗണിച്ച് ആയിരം പേർക്ക് അധികമായി ജോലി നൽകാൻ കഴിയുന്ന തരത്തിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടികളിൽ കെ.റ്റി.ഡി.സി. എംപ്ലോയീസ് അസോസിയേഷൻ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പാക്കേജുകൾ പരിഗണിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പത്താം ശമ്പളക്കമ്മീഷന്റെ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുവാൻ ധനസഹായം നൽകുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറയിക്കാമോ? | (ഡി) | പത്താം ശമ്പളക്കമ്മീഷന്റെ ആനുകൂല്യങ്ങൾ കെ.ടി.ഡി.സി ജീവനക്കാർക്ക് കൂടി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്നുള്ള സാമ്പത്തിക നഷ്ടം കാരണം കെ.ടി.ഡി.സി.യുടെ തനതു സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതിനു ശേഷം മാത്രമേ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ